## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1161** **06.02.2020 ൽ മറുപടിക്ക്**

### ചിറങ്ങര റെയിൽവേ ഓവർ ബ്രിഡ്ജ്

| ചോദ്യം<br>ശ്രീ.ബി.ഡി. ദേവസ്സി | മറുപടി<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട ചിറങ്ങര റെയിൽവേ ഓവർ ബ്രിഡ്ജ് നിർമ്മാണം ഇനിയും ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(ബി) അക്വിസിഷൻ നടപടികൾ അടക്കം പൂർത്തിയാക്കി റെയിൽവേ ഓവർ ബ്രിഡ്ജ് നിർമ്മാണം ഉടൻ ആരംഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (എ) & (ബി) ഉണ്ട്. ചിറങ്ങര റെയിൽവേ മേൽപ്പാലത്തിന് 27.09.2017 ലെ G.O.(Rt)No.1324/2016/PWD ഉത്തരവ് മുഖേന 15 കോടിയുടെ ഭരണാനുമതി നൽകുകയും പദ്ധതിയുടെ എസ്.പി.വി ആയി ആർ.ബി.ഡി.സി.കെ. യെ നിയമിക്കുകയും ചെയ്തു. ചിറങ്ങര റെയിൽവേ മേൽപ്പാലത്തിന്റെ വിശദമായ പദ്ധതി രേഖ തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിക്കുകയും 19.96 കോടി രൂപയുടെ കിഫ്ബി അംഗീകാരം 27.07.2017 ന് ലഭിക്കുകയും ചെയ്തു. തുടർന്ന് പദ്ധതിക്കാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിന് ഡിസ്ട്രിക്റ്റ് കളക്ടർക്ക് അർത്ഥനാപത്രം സമർപ്പിക്കുകയും ചെയ്തു. ഭൂമി ഏറ്റെടുക്കൽ നടപടിയുടെ അന്തിമഘട്ടമായ 11(1) വിജ്ഞാപനം 04.09.2019 ന് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ നടപടികൾ വേഗത്തിലാക്കാൻ ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ പൂർണ്ണമായാൽ മാത്രമേ തുടർനടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ